RCS/3086/2019-G(4)

**ജി(4)3086/2019**

സഹകരണസംഘംരജിസ്ട്രാർആഫീസ്,
തിരുവനന്തപുരം, തീയതി- **27.8.2019**

**സർക്കുലർ നം.-35/19**

വിഷയം :- സഹകരണ വകുപ്പ്- ശിശുദിന സ്റ്റാമ്പുകൾ - സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതു - സംബന്ധിച്ച്.

സൂചന :-1) കേരള സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച അപേക്ഷ.

2) 353/Min(Co-op, TSM & DEV)/2019 നമ്പർ മേലെഴുത്ത്

3) ഈ ആഫീസിൽ നിന്നും സർക്കാരിലേയ്ക്ക് സമർപ്പിച്ച 27-06-2019 ലെ ജി(4)3086/19 നമ്പർ കത്ത്.

4) സർക്കാരിൽ നിന്നും ലഭിച്ച 16.08.2019-ലെ പി.എസ് 1/333/2019/സഹ നമ്പർ കത്ത്.

കേരള സംസ്ഥാന ശിശുക്ഷേമസമിതിയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി അച്ചടിച്ച് വിതരണം ചെയ്യുന്ന ശിശുദിന സ്റ്റാമ്പുകൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്നതിന് അനുമതി നൽകണമെന്നുള്ള ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറിയുടെ അപേക്ഷ സൂചന (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ആയതിൽ സൂചന (4) പ്രകാരം അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 10 രൂപ വിലവരുന്ന സ്റ്റാമ്പുകൾ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിൽ 5000 എണ്ണം വീതവും, സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങളിൽ 200 എണ്ണം വീതവും വിതരണം ചെയ്യുന്നതിന് അനുവാദം നൽകുന്നു.

(ഒപ്പ്)
ഡോ.പി.കെ.ജയശ്രീ.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-1) മാനേജിങ്ങ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്

2) ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
3) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
4) എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
5) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ഡയറക്ടർ (ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ഡയറക്ടർ(ആഡിറ്റ്)മുഖേന)
6) ജനറൽ സെക്രട്ടറി, സംസ്ഥാന ശിശുക്ഷേമസമിതി
7) എഡിറ്റർ, സഹകരണവീഥി
8) വെബ് സൈറ്റ്
9) സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)ഇൻ-ചാർജ്ജ്

എസ്.ആർ